(ഇ) അക്കൗണ്ടന്റ് ജനറലിന്റെ റിക്കൺസിലിയേറ്റഡ് കണക്കുകൾ അനുസരിച്ച് 1996-1997 മുതൽ 1998-1999 വരെയുള്ള വില്പന നികുതിപിരിവ് താഴെ കൊടുക്കുന്നു.

1996-97	2772.28	കോടി രൂപ
1997-98	3084.08	കോടി രൂപ
1998-99	3366.62	കോടി രൂപ

30-11-1999 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് 1999-2000-ൽ 2090.36 കോടി രൂപയാണ് പിരിവ്.

(എഫ്) 1996-1997 ഒഴികെ ബാക്കിയുള്ള വർഷങ്ങളിൽ (1997-98, 1998-99) ടാർജറ്റിനേക്കാൾ കുറവായിരുന്നു.

(ജി) പൊതുവായ സാമ്പത്തിക മാന്ദ്യത്തിന് പുറമെ റബറിന്റെ വിലയിടിവ്, വിപണനരംഗത്തെ മാന്ദ്യം കെട്ടിടനിർമ്മാണരംഗത്തെയും വ്യാപാര വ്യവസായരംഗത്തെയും മാന്ദ്യം മുതലായ കാരണങ്ങളാൽ ലക്ഷ്യമിട്ടിരുന്ന മുഴുവൻ തുകയും വില്പനനികുതിയിനത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞില്ല.

ടാക്സ് അടച്ച സ്ഥാപനങ്ങളുടെ മേൽ തെറ്റായ അസസ്മെന്റ്

46 (1101) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) യഥാർത്ഥത്തിൽ അടയ്ക്കേണ്ട ടാക്സ് അടച്ച സ്ഥാപനങ്ങളുടെമേൽ ചില ഉദ്യോഗസ്ഥൻമാർ തെറ്റായ അസസ്മെന്റ് നടത്തുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ ടാക്സ് അസസ് ചെയ്യപ്പെടുകയും അതിനെത്തുടർന്ന് അപ്പീൽ പോകുകയും ചെയ്ത എത്ര സംഭവത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഉണ്ടായി എന്നു വെളിപ്പെടുത്താമോ ;

(സി) ഇതിൽ എത്ര അപ്പീലുകൾ വെറുതെ വിട്ടു എന്ന കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) കാർഷികാദായനികുതി വില്പനനികുതി നിയമങ്ങളനുസരിച്ച് പുറപ്പെടുവിക്കപ്പെട്ട വിവിധ ഉത്തരവുകൾക്കെതിരേ 20624 അപ്പീലുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(സി) 1906 അപ്പീലുകൾ പൂർണ്ണമായി അനുവദിച്ചുത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly